**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേണൻസ് സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണ നിർവഹണം കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM), സംസ്ഥാനത്തെ 79 വിവിധ വകുപ്പുകളുടെ 869 ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിൽ (https://services.kerala.gov.in/) ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ എം-സേവനം ( m-sevanam) മൊബൈൽ ആപ്പ്ളിക്കേഷനിൽ 79 വകുപ്പുകളുടെ 668 സേവനങ്ങൾ ലഭ്യമാണ്. ജനങ്ങൾക്ക് ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നു കൊണ്ടു തന്നെ സേവനങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്തുവാൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു.<br><br>സർക്കാർ ഓഫീസുകളിൽ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് ( KSWAN) മുഖേനയും പൊതുസ്ഥലങ്ങളിൽ പബ്ലിക് വൈഫൈ പദ്ധതി മുഖേനയും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തി ഇ-ഗവേണൻസ് സേവനങ്ങൾ പൊതുജനങ്ങൾക്ക് സുഗമമായി നൽകിവരുന്നു.<br><br>സംസ്ഥാനത്ത് ഇ–ഗവേണൻസ് പ്രവർത്തികൾ കൂടുതൽ തലങ്ങളിലേക്ക് എത്തിക്കുന്നതിനായി യൂണിഫൈഡ് രജിസ്ട്രി രൂപപ്പെടുത്തി വരുന്നു. |
| (ബി) | സംസ്ഥാനത്തെ പൗരകേന്ദ്രീകൃതമായ ഇ-ഗവേണൻസ് സംവിധാനത്തിന് രാജ്യത്തെ ഏറ്റവും മികച്ച ഇ-സേവന ദാതാവിനുള്ള പുരസ്കാരം ലഭിച്ചിരുന്നോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് അഡ്മിനിസ്ട്രേറ്റിവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസെസ് നടത്തിയ പഠന പ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവീസ് ഡെലിവറി അസ്സെസ്സ്മെൻറ്) 2019 ലും 2021-ലും ഇ- |

| | | | |
|---|---|---|---|
| | | | ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാനത്തിന്റെ പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു. |
| (സി) | കെ-ഫോൺ സജ്ജമാക്കിയത് വഴി പൗരകേന്ദ്രീകൃത ഇ-സേവന രീതി കൂട്ടുതൽ ശാക്തീകരിക്കാനാകുമെന്ന് കരുതുന്നുണ്ടോ; പദ്ധതിയുടെ ആദ്യഘട്ടത്തിലെ ഗുണഭോക്താക്കളെ നിർണ്ണയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെടുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഇന്റർനെറ്റ് സൗജന്യമായും മറ്റു വിഭാഗങ്ങൾക്ക് മിതമായ നിരക്കിലും, 30000ത്തോളം സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും നൽകുവാനാണ് കെ-ഫോൺ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പൂർണ്ണതോതിൽ സജ്ജമാകുമ്പോൾ പൗരകേന്ദ്രീകൃത ഇ-സേവന രീതി കൂട്ടുതൽ ശാക്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ആദ്യഘട്ടത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി ഓരോ നിയമസഭാ മണ്ഡലത്തിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (ബി.പി.എൽ / ദാരിദ്ര്യരേഖയ്ക്ക് താഴെ) 100 ഗുണഭോക്താക്കളെ വീതം ഉൾപ്പെടുത്തി ആകെ 14,000 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ